## ശ്രദ്ധക്ഷണിക്കൽ

### (1) പിന്നോക്ക വിഭാഗ സംവരണത്തിനുള്ള വരുമാന പരിധി ഉയർത്തൽ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, പിന്നോക്ക വിഭാഗ സംവരണത്തിനുള്ള വരുമാനപരിധി ഉയർത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. പിന്നോക്കവിഭാഗങ്ങളിലെ സംവരണ ത്തിനുള്ള വരുമാന പരിധി നാലര ലക്ഷത്തിൽ നിന്ന് വർദ്ധിപ്പിക്കേണ്ടതിന്റെ സമയം കഴിഞ്ഞിരിക്കുന്നു. ഇതിനുവേണ്ടി കേന്ദ്ര മന്ത്രിസഭയുടെ ഉപസമിതി യോഗം ചേർന്ന് സംവരണത്തിന്റെ മേൽത്തട്ട് പരിധി നാലര ലക്ഷത്തിൽ നിന്ന് ആറ് ലക്ഷമായി ഉയർത്താൻ ശുപാർശചെയ്തിരിക്കുന്നൂവെന്ന വാർത്ത പത്രങ്ങളിലൂടെ അറിയാൻ കഴിഞ്ഞു. എന്നാൽ കേന്ദ്രം ഇതിന്റെ തീരുമാനം അന്തിമമായി എടുത്തിട്ടില്ല. ഈ തീരുമാനം വരുന്നതിനുമുമ്പ് സംസ്ഥാനം ശക്തമായ ഒരു അഭിപ്രായം അറിയിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 1993-ൽ ഒരു ലക്ഷമായിരുന്ന പരിധി 2004-ൽ രണ്ടരല ക്ഷമായും 2008-ൽ നാലര ലക്ഷം രൂപയുമായാണ് വർദ്ധിപ്പിച്ചത്. പണപ്പെ രുപ്പം കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ഉയർന്നതും പെട്രോളിനും അതുവഴി എല്ലാത്തിനും വില ക്രമാതീതമായി ഉയർന്നതും ശമ്പളകമ്മീഷൻ ശുപാർശപ്ര കാരം സർക്കാർ ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിച്ച സാഹചര്യത്തിലും സംവരണത്തിനുള്ള ഉയർന്ന വരുമാനപരിധി നഗരപ്രദേശങ്ങളിൽ 12 ലക്ഷം രൂപയായും ഗ്രാമപ്രദേശങ്ങളിൽ 9 ലക്ഷം രൂപയായും വർദ്ധിപ്പിക്കണ

മെന്നാണ് പിന്നോക്ക സമുദായ കമ്മീഷൻ കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിരിക്കുന്നത്. ഇത് കണക്കിലെടുക്കാതെ ഗ്രാമ-നഗരവ്യത്യാസമില്ലാതെ 6 ലക്ഷം രൂപയായും പരിധി വയ്ക്കാനാണ് കേന്ദ്ര മന്ത്രിസഭാ ഉപസമിതി ശുപാർശ ചെയ്തതെന്നാണ് വിവരം. ഈ തുക കൂട്ടേണ്ടതുണ്ട്. ഇത് പിന്നോക്ക വിഭാഗങ്ങളുടെ തുകയിൽ വിദ്യാഭ്യാസ മേഖലയിലെ സംവരണത്തെ കാര്യമായി ബാധിക്കും. ഇപ്പോൾതന്നെ പിന്നോക്ക വിഭാഗക്കാർക്ക് അർഹമായ സംവരണം ലഭിക്കുന്നില്ലായെന്നാണ് സച്ചാർ കമ്മിറ്റി റിപ്പോർട്ട് അടക്കമുള്ള പല കമ്മിറ്റികളുടേയും റിപ്പോർട്ടുകൾ കാണിക്കുന്നത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള 27 ശതമാനം സംവരണം പിന്നോക്ക വിഭാഗങ്ങൾക്ക് ലഭിക്കാത്തത് വരുമാന പരിധി വർദ്ധി പ്പിക്കാത്തതുകൊണ്ടാണെന്ന് പിന്നോക്ക സമുദായ കമ്മീഷൻ കേന്ദ്രത്തിന് നൽകിയ ശുപാർശയിൽ പറയുന്നുണ്ട്. ഈ കാര്യത്തിൽ കേന്ദ്രതീരുമാന മെടുത്താൽ സംസ്ഥാനത്തും പരിധി നിശ്ചയിക്കാറുണ്ട്. ഇതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയോഗിച്ച രാജേന്ദ്രബാബു കമ്മീഷൻ കേന്ദ്രം നിശ്ചയിച്ച പരിധി കേരളത്തിലും നിലനിറുത്തുകയാണ് ചെയ്തത്. ആയതിനാൽ ഇപ്പോൾ കേന്ദ്രം പ്രഖ്യാപിക്കുന്ന പരിധി തന്നെ കേരളത്തിലും നടപ്പിലാകുമെന്നതിനാൽ സംസ്ഥാനത്തെ ഉയർന്ന ജീവിത നിലവാരവും ചെലവും കണക്കിലെടുത്ത് വരുമാന പരിധി 10 ലക്ഷം രൂപയായി ഉയർത്തു ന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്നും ആവശ്യമെങ്കിൽ ഇതിന് സർവ്വകക്ഷി അംഗത്തെ അയയ്ക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പിന്നോക്ക വിഭാഗ സംവരണ ത്തിനുള്ള വരുമാന പരിധി ഉയർത്തുന്നതിന്റെ ആവശ്യകതയാണ് ബഹുമാനപ്പെട്ട മെമ്പർ കെ. മുഹമ്മദുണ്ണി ഹാജി ഇവിടെ ഉന്നയിച്ചിരിക്കു ന്നത്. 14-10-2008-ൽ നാലര ലക്ഷം രൂപയായി വരുമാനപരിധി നിശ്ചയിച്ചു. നിലവിൽ പിന്നോക്കവിഭാഗങ്ങളെ സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത് 26-09-2009-ലെ സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവനുസ രിച്ചാണ്. ക്രീമിലെയർ സംബന്ധിച്ച വരുമാന പരിധി കേന്ദ്ര സർക്കാർ നാലര ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ നിയ മിച്ച ജസ്റ്റിസ് രാജേന്ദ്ര ബാബു കമ്മീഷൻ റിപ്പോർട്ടുകളിലെ ശുപർശകളുടെ അടിസ്ഥാനത്തിൽ ക്രീമിലെയർ സംബന്ധിച്ച വരുമാന പരിധി സംസ്ഥാ നത്തും നാലര ലക്ഷം രൂപയായി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവി ക്കുകയുണ്ടായി. മൂന്ന് വർഷത്തിലൊരിക്കൽ ഇത് പുന:പരിശോധിച്ച് ഭേദഗതി ചെയ്യണമെന്ന് നിയമവ്യവസ്ഥ നിർദ്ദേശിക്കുന്നുണ്ട്. അതിന്റെ അടിസ്ഥാന ത്തിൽ ക്രീമിലെയർ വരുമാന പരിധി പുനർനിർണ്ണയം ചെയ്യണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ദേശീയ തലത്തിൽ ക്രീമിലെ യർ മാനദണ്ഡങ്ങളും വരുമാനപരിധിയും നിശ്ചയിച്ചിരിക്കുന്നത് ദേശീയ പിന്നോക്ക വിഭാഗ കമ്മീഷന്റെ റിപ്പോർട്ടുകളിലെ ശുപാർശകളുടെ അടിസ്ഥാ നത്തിലാണ്. ക്രീമിലെയർ വരുമാനപരിധി 9 ലക്ഷം രൂപയായി ഉയർത്തണ മെന്ന് ദേശീയ പിന്നോക്ക വിഭാഗ കമ്മീഷൻ ശുപാർശ ചെയ്തിരുന്നതായും ആയത് പഠിക്കുന്നതിന് കേന്ദ്ര സർക്കാർ നിയോഗിച്ച മന്ത്രിസഭാ ഉപസമിതി അത് 6 ലക്ഷം രൂപയായി നിശ്ചയിക്കുന്നതിന് ശുപാർശ ചെയ്തതായും മാധ്യ മങ്ങളിൽനിന്നും മനസ്സിലാക്കുന്നു. ഗവൺമെന്റിന് ഔദ്യോ ഗികമായിയൊന്നും അറിയിച്ചിട്ടില്ല. പക്ഷേ മാധ്യമങ്ങളിൽ വന്നിട്ടുള്ള വിവര

ങ്ങൾ ഇത്രയുമാണ്. പിന്നോക്ക വിഭാഗങ്ങളുടെ സംവരണത്തിനുള്ള വരുമാന പരിധി കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന അതേ നിരക്കിൽ സംസ്ഥാന സർവ്വീസുകളുടെ പിന്നോക്ക വിഭാഗങ്ങളുടെ സംവരണ കാര്യത്തിൽ സംസ്ഥാന കമ്മീഷന്റെ അഭിപ്രായം കൂടി പരിഗണിച്ച് തീരുമാനം കൈക്കൊള ളുന്നതാണ്. ക്രീമിലെയർ സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നതിന് കമ്മീഷൻ നിലവിലുള്ളപ്പോൾ മറ്റൊരു സ്ഥിരം കമ്മീഷന്റെ ആവ ശ്യമില്ലായെന്ന ഉത്തരവാണ് ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ളത്. വരുമാന പരിധി നാലര ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അത് എത്ര എന്നുള്ളതിനെ സംബന്ധിച്ച കാര്യമാണുള്ളത്. നമ്മുടെ സംസ്ഥാനത്തെ ജീവിത നിലവാരം ഉയർന്ന സാഹചര്യത്തിൽ ഉയർന്ന ഒരു റേറ്റ് തന്നെ നിശ്ചയിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഇതിനോട് ബന്ധപ്പെട്ട ഒരു കാര്യം തന്നെയാണ് ഞാൻ ചോദിക്കുന്നത്. പിന്നോക്കവിഭാഗങ്ങളുടെ നിയമനവു മായി ബന്ധപ്പെട്ട് വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ഞാനുൾപ്പെടെ 13 എം.എൽ.എ മാരുൾപ്പെടുന്ന ഒരു ഉന്നതാധികാര സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ആ സമിതി ഇതുവരെ യോഗം ചേർന്ന് വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടില്ല. ഇതിനുള്ള അടിയ ന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച ആവശ്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

## (2) പി.എഫ് പെൻഷൻകാരെ ആർ.എസ്.ബി.വൈ.യിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. എളമരം കരീം: സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് മുഖ്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പ്രോവിഡന്റ് ഫണ്ട് അംഗങ്ങളായ തൊഴിലാളികളുടെ പെൻഷൻ സ്കീം 1995-ലാണ് നിലവിൽ വന്നത്. റിട്ട യർമെന്റ് ആനുകൂല്യമെന്ന നിലയിൽ വളരെ പ്രതീക്ഷയോടെയാണ് തൊഴി ലാളികൾ ഇതിനെ നോക്കിക്കണ്ടത്. രാജ്യത്താകെ 36 ലക്ഷത്തിലധികം റിട്ടയർചെയ്ത തൊഴിലാളികൾ ഈ സ്കീമിൽ ഇപ്പോൾ അംഗങ്ങളാണ്. അതിൽ 3 ലക്ഷത്തോളം ആളുകൾ കേരളത്തിലുള്ളവരാണ്. കേരളത്തിൽ സംഘടിത വ്യവസായ തൊഴിലാളികളെക്കാൾ കൂടുതൽ പരമ്പരാഗത/ചെറു കിട വ്യവസായങ്ങളിൽനിന്ന് റിട്ടയർ ചെയ്ത വളരെ പാവപ്പെട്ട തൊഴിലാളിക ളാണ്. പെൻഷൻ ആനുകൂല്യം നടപ്പിലായപ്പോഴാണ് അതിന്റെ അപര്യാപ്തത യെക്കുറിച്ച് വലിയ പ്രതിഷേധം തൊഴിലാളികൾക്കിടയിലുണ്ടായത്. 36 ലക്ഷം പെൻഷനേഴ്സിൽ 17 ലക്ഷം പേർക്ക് 1 രൂപ മുതൽ 500 രൂപവരെയും 3 ലക്ഷം ആളുകൾക്ക് 30 രൂപ വീതവുമാണ് പ്രതിമാസ പെൻഷൻ ലഭിക്കുന്നത്. കേരളത്തിൽ പ്രതിമാസം 1 രൂപ പെൻഷൻ ലഭിക്കുന്ന നൂറോളം ആളുകളു ണ്ട്. ഇത് പുറത്ത് പറയുന്നതുതന്നെ നാണക്കേടാണ്. ഉദാഹരണത്തിന് കണ്ണൂർ ജില്ലിയിൽ 2894 പേർക്ക് 300 രൂപയിൽ താഴെയും 9 പേർക്ക് 10 രൂപയിൽ താഴെയും 64 പേർക്ക് 1 രൂപ വീതവുമാണ് പ്രതിമാസ പെൻഷൻ ലഭിക്കുന്നത്. അവിടെ എല്ലാവരും അസംഘടിത മേഖലയിലെ തൊഴിലാളിക ളാണ്. കശുവണ്ടി ഫാക്ടറികളിലും കൈത്തറിപോലുള്ള സഹകരണ ഫാക്ട റികളിലുമൊക്കെ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ശമ്പളം വളരെ കുറ

വായതുകൊണ്ട് പെൻഷൻ കണക്കുകൂട്ടുമ്പോൾ അവർക്ക് കാര്യമായ തുക ലഭിക്കാൻ നിലവിലുള്ള സ്കീമനുസരിച്ച് സാധ്യതയില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാന്യരായ അംഗങ്ങളെല്ലാം ഇരിക്കണം. എല്ലാവരും അതാത് സീറ്റുകളിൽ എഴുന്നേറ്റ് നിൽക്കുകയാണ്. സംസാരിക്കുന്ന അംഗം മാത്രമേ എഴുന്നേറ്റ് നിൽക്കാൻ പാടുള്ളൂ. എല്ലാവരും സീറ്റുകളിൽ ഇരിക്കണം.

<u>ശ്രീ. എളമരം കരീം</u>: സർ, ഈ തുച്ഛമായ പെൻഷൻ ലഭിക്കുന്നതിന് ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങണം. അതിനായി 500 രൂപ ചെലവഴിക്കണം. പിന്നെ അത് വാങ്ങേണ്ട ഗതികേട് വേറെയുമുണ്ട്. കേരളത്തിൽ 3 ലക്ഷത്തോളം പെൻഷൻകാരുള്ളതിൽ ഭൂരിപക്ഷം ആളുകളുടെയും സ്ഥിതി ഇതുപോലെ ദയനീയമാണ്. മിനിമം പെൻഷൻ 1000 രൂപയെങ്കിലും നൽകണമെന്ന അഭിപ്രായം എല്ലാ തൊഴിലാളി സംഘടനകളും കേന്ദ്ര ഗവൺമെന്റിനു മുമ്പാകെ ഉന്നയിക്കുകയും കേന്ദ്ര തൊഴിൽ വകുപ്പ് ഇത് സംബന്ധിച്ച് അനുകൂലമായ തീരുമാനമെടുത്ത് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അനുമതിക്കായി അയച്ചെങ്കിലും കേന്ദ്ര ധനകാര്യ വകുപ്പ് ഇതുവരെ അതിന് അനുമതി നൽകിയിട്ടില്ല. ഇക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും മിനിമം 1000 രൂപയെങ്കിലും പെൻഷൻ ലഭിക്കാനുള്ള സമ്മർദ്ദം ചെലുത്തണമെന്നും സാന്ദർഭികമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ രണ്ട് കാര്യങ്ങൾ സംസ്ഥാന സർക്കാരിന് ചെയ്യാൻ സാധിക്കും. 2011–ൽ പെൻഷനേഴ്സിന്റെ സംഘടന സംസ്ഥാന തൊഴിൽ വകുപ്പുമന്ത്രിക്കും സെക്രട്ടറിക്കും ഒരു നിവേദനം കൊടുത്തിരുന്നു. പി.എഫ് പെൻഷനേഴ്സിനെ ബി.പി.എൽ–കാരെപ്പോലെ പരിഗണിച്ച് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാണ് ആവശ്യപ്പെട്ടത്. 2011–ലെ

രജിസ്ട്രേഷൻ പൂർത്തിയായിക്കഴിഞ്ഞതിനാൽ 2011–12 സാമ്പത്തിക വർഷത്തെ രജിസ്ട്രേഷൻ വരുമ്പോൾ ഇക്കാര്യം പരിഗണിക്കാമെന്നാണ് അന്ന് ലേബർ ഡിപ്പാർട്ടുമെന്റും ഇഒകഅഗ ന്റെ എക്സിക്യൂട്ടീവ് ഡയറക്ടറും നൽകിയ മറുപടിയിൽ പറഞ്ഞത്. പിന്നീട് അക്കാര്യത്തിൽ ഉത്തരവ് വന്നിട്ടില്ല, വളരെ പാവപ്പെട്ട ആളുകളാണവർ. മുഖ്യമന്ത്രി ഇടപെട്ടാൽ അത് വേഗത്തിൽ നടക്കുന്നതാണ്. രണ്ടാമത്തെ കാര്യം, എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് പ്രോവിഡന്റ് ഫണ്ട് പെൻഷനേഴ്സിനെ ബി.പി.എൽ. കാരായി പരിഗണിച്ച് അന്ന് രണ്ട് രൂപ നിരക്കിൽ റേഷനരി കൊടുക്കുന്ന വിഭാഗത്തിൽപ്പെടുത്തി. എന്നാൽ 2011 മേയ് മാസത്തിനുശേഷം റിട്ടയർ ചെയ്തവരെ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. അത് തുടർച്ചയായി ചെയ്യേണ്ടതായിരുന്നു. പക്ഷേ ആദ്യത്തെ ഉത്തരവിനെ അന്നുവരെയുള്ളവർക്കുമാത്രം ബാധകമെന്ന നിലയിൽ കണക്കാക്കിക്കൊണ്ടുള്ള നടപടിയാണുണ്ടായത്. ബി.പിഎൽ കാരെ 1 രൂപയ്ക്കുള്ള അരി ലഭിക്കാൻ  പരിഗണിക്കുന്ന സ്കീമിൽ 2011 മേയ് മാസത്തിനുശേഷം റിട്ടയർ ചെയ്തവരെയും തുടർന്ന് റിട്ടയർ ചെയ്യുന്ന വരെയും ഉൾപ്പെടുത്തിയാൽ അത് താല്കാലികമായി നമുക്ക് ചെയ്യാൻ കഴിയുന്ന ഒരാശ്വാസമായിരിക്കും. ഈ രണ്ട് കാര്യങ്ങളും ഗവൺമെന്റിന് വലിയ സാമ്പത്തിക ബാധ്യത കൂടാതെ ചെയ്യാവുന്നതാണ്. 58 വയസ്സുവരെ ഫാക്ടറികളിലും മറ്റ് സ്ഥാപനങ്ങളിലും ജോലി ചെയ്ത് റിട്ടയർ ചെയ്ത പെൻഷൻകാർക്ക് ജീവിക്കാൻ മറ്റ് മാർഗ്ഗങ്ങളൊന്നുമില്ല, ആരോഗ്യം ക്ഷയിച്ച് മറ്റ് തൊഴിലുകൾക്ക് പോകാൻ കഴിയാതെ ഈ തുച്ഛമായ വരുമാനത്തെ മാത്രം ആശ്രയിച്ച് കഴിഞ്ഞുകൂടുന്നവരാണ്. മനുഷ്യത്വപരമായ ഒരു പരിഗണന ഇക്കാര്യത്തിൽ ഉണ്ടാകണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, പി.എഫ് പെൻഷൻകാർക്ക് വളരെ തുച്ഛമായ പെൻഷനാണ് ലഭിക്കുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എളമരം കരീം പറഞ്ഞതിനോട് പൂർണ്ണമായും യോജിക്കുകയാണ്. അവരുടെ മിനിമം പെൻഷൻ 1000 രൂപയെങ്കിലുമായി വർദ്ധിപ്പിക്കണമെന്ന വ്യക്തമായ അഭിപ്രായമാണ് സംസ്ഥാന ഗവൺമെന്റിനുള്ളത്. ഇക്കാര്യം സംസ്ഥാന ഗവൺമെന്റ് പല പ്രാവശ്യം കേന്ദ്ര ഗവൺമെന്റിൽ റെപ്രസന്റ് ചെയ്തിട്ടുണ്ട്, ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അത് സംബന്ധിച്ച തീരുമാനം വളരെ വേഗത്തിലുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കാരണം ലേബർ മിനിസ്ട്രി അത് അംഗീകരിച്ച് ശുപാർശ ചെയ്തുകഴിഞ്ഞു. ഇനി ധന കാര്യ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി കാത്തിരിക്കുകയാണ്. ഇത് തികച്ചും ന്യായമായിട്ടുള്ള കാര്യമായതിനാൽ ഇക്കാര്യത്തിനുവേണ്ടി എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്. ഇവിടെ പറഞ്ഞ രണ്ട് കാര്യങ്ങളിൽ ഒന്ന്, 1 രൂപയുടെ അരി പി.എഫ് പെൻഷൻകാർക്കുകൂടി നൽകണമെന്നുള്ളതാണ്. 2011–12–ൽ 635 കോടി രൂപയും 2012–13 സാമ്പത്തിക വർഷത്തിൽ 648 കോടി രൂപയുമാണ് അരിയുടെ സബ്സിഡി ഇനത്തിൽ വരുന്നത്. പി.എഫ് പെൻഷൻകാരെ എല്ലാവരെയുംകൂടി ഇതിൽ ഉൾപ്പെടുത്തിയാൽ ഈ തുക വീണ്ടും വർദ്ധിക്കും. 1 രൂപയുടെയും 2 രൂപയുടെയും അരി എന്ന വ്യത്യാസ മേയുള്ളൂ. അതുകൊണ്ട് അക്കാര്യത്തിൽ പെട്ടെന്ന് തീരുമാനം പറയാൻ ബുദ്ധിമുട്ടുണ്ട്. അവർ അർഹരല്ല എന്ന അഭിപ്രായം എനിക്കില്ല. പക്ഷേ നമ്മുടെ സാമ്പത്തിക ബുദ്ധിമുട്ടുകൂടി നോക്കുമ്പോൾ അതിന്റേതായ പ്രശ്ന ങ്ങളുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾ വച്ചുനോക്കിയാൽ ആർ. എസ്.ബി.വൈ –ൽ പി.എഫ് പെൻഷൻകാരെ എല്ലാവരെയും ഉൾപ്പെടുത്തുന്ന

തിന് അനുകൂലമായി വന്നിട്ടില്ല. ഈ രണ്ട് കാര്യങ്ങളും തികച്ചും ന്യായമായ ആവശ്യങ്ങളാണ്. പക്ഷേ സാമ്പത്തിക കാരണങ്ങളാലും സാങ്കേതിക കാരണങ്ങളാലും അത് മുഴുവനായി അംഗീകരിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ പറ്റുമെന്നുള്ളത് വീണ്ടും ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

<u>ശ്രീ. എളമരം കരീം</u>: സർ, ഞാൻ ഉന്നയിച്ച രണ്ട് പ്രശ്നങ്ങളും ന്യായമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അത് ശരിയാണ്. കേരളത്തിൽ പി.എഫ് പെൻഷനേഴ്സിൽ മഹാഭൂരിപക്ഷവും പരമ്പരാഗത വ്യവസായങ്ങളിൽനിന്നും ചെറുകിട വ്യവസായങ്ങളിൽനിന്നും റിട്ടയർ ചെയ്തവരാണ്. അവർ അവസാനം വാങ്ങിയ ശമ്പളത്തിന്റെ തോത് വച്ച് 6500 രൂപ സീലിംഗ് വച്ചുകൊണ്ട് പെൻഷൻ കണക്കാക്കുമ്പോൾ 100 രൂപയും 300 രൂപയുമാണ് പെൻഷൻ വരുന്നത്. ഈ രണ്ടുകാര്യവും പരിശോധിക്കാൻ ലേബർ ഡിപ്പാർട്ടുമെന്റ് ആരെയെങ്കിലും നിയോഗിച്ചാൽ അവരുടെ അർഹത നിശ്ചയിക്കുകയെങ്കിലും ചെയ്യുന്ന നടപടിയിലേക്ക് പോകാൻ സാധിക്കില്ലേ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കും.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഒരു കാര്യം എടുത്തുപറയട്ടെ. ഇന്ന് സബ്മിഷൻ വളരെ കൂടുതലുണ്ട്. 3 ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണം. അതിനുപുറമെ ധനകാര്യ ബില്ലും ധനവിനിയോഗ ബില്ലും ഉണ്ട്. സബ്മിഷൻ അവതരിപ്പിക്കുന്ന ബഹുമാന്യരായ അംഗങ്ങളും മറുപടി പറയുന്ന ബഹുമാനപ്പെട്ട മന്ത്രിമാരും ചുരുക്കി പറയണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.